പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ.597

01.12.2015-ൽ മറുപടിയ്ക്ക്

## ടൈറ്റാനിയം കമ്പനിയുടെ തകർച്ച

**ചോദ്യം**

**ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ**
**,, വി.ശിവൻകുട്ടി**
**,, ബി.സത്യൻ**
**,, എളമരം കരീം**

**(എ)** അഴിമതിയും കെടുകാര്യസ്ഥതയും പൊതുമേഖലാ വ്യവസായ സ്ഥാപനമായ ടൈറ്റാനിയത്തിന്റെ തകർച്ചയ്ക്ക് പ്രധാനകാരണമായിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

**(ബി)** പല ഘട്ടങ്ങളിലും നല്ല നിലയിൽ പുരോഗതി പ്രാപിച്ചിരുന്ന ടൈറ്റാനിയം കമ്പനി ഇന്നത്തെ നിലയിലേക്ക് തകർച്ച നേരിടുന്നതിനിടയായ കാരണം പരിശോധിച്ചിട്ടുണ്ടോ ;

**(സി)** ടൈറ്റാനിയം നല്ല നിലയിൽ പ്രവർത്തനക്ഷമമാക്കുന്നതിന് വിവിധ തലങ്ങളിൽ നിന്നു വന്ന നിർദ്ദേശങ്ങൾ പരിഗണിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

**ഉത്തരം**

**ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി**
**(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)**

**(എ)യും (ബി) യും**

**ഇല്ല;** ടൈറ്റാനിയം വ്യവസായം 2012 മുതൽ ആഗോള തലത്തിൽ പ്രതിസന്ധി നേരിടുകയാണ്. ചൈനയിൽ നിന്നും മറ്റു വിദേശരാജ്യങ്ങളിൽ നിന്നുമുള്ള ടൈറ്റാനിയം ഡയൊക്സൈഡ് ഉൽപ്പന്നങ്ങളുടെ അനാരോഗ്യകരമായ ഇറക്കുമതിമൂലമുണ്ടായിട്ടുള്ള വിലതകർച്ചയും വിൽപ്പനയിലുണ്ടായിട്ടുള്ള മാന്ദ്യവുമാണ് കമ്പനി നേരിടുന്ന പ്രധാന പ്രതിസന്ധി. ഉൽപ്പാദനച്ചിലവിന് ആനുപാതികമായ വില ലഭിക്കാത്തതും ടൈറ്റാനിയം ഡയോക്സൈഡിൻെറ ആവശ്യകതയിലുണ്ടായിട്ടുള്ള ഇടിവും മൂലം ഉൽപ്പാദനശേഷിയുടെ 60% മാത്രമെ കഴിഞ്ഞ രണ്ട് വർഷമായി ഉൽപ്പാദിപ്പിക്കുന്നുള്ളൂ.

**(സി)** ഉണ്ട്; കമ്പനിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടി മലിനീകരണ നിയന്ത്രണസംവിധാനങ്ങൾ ചെലവ് കുറഞ്ഞ രീതിയിൽ പ്രവർത്തിപ്പിക്കുന്നതിനും ഘട്ടംഘട്ടമായി പ്ലാൻറിൻെറ ആധുനികവത്ക്കരണവും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനവും സർക്കാരിൻെറ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ